"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - PM - YASASVI Postmatric Scholarship for OBC, EBC & DNT പദ്ധതി - 2024-2025 സംസ്ഥാന വിഹിതമായ 17,02,66,000/- രൂപ (പതിനേഴ് കോടി രണ്ട് ലക്ഷത്തി അറുപത്തി ആറായിരം രൂപ മാത്രം) ബന്ധപ്പെട്ട SNA Account ലേക്ക് ട്രാൻസ്ഫർ ചെയ്ത് വിനിയോഗിക്കുന്നതിന് പിന്നാക്കവിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.32/2025/BCDD തീയതി,തിരുവനന്തപുരം, 24-03-2025

---

പരാമർശം:- 1) 26.03.2022 ലെ സ.ഉ(പി)നം.38/2022/ധന നം.ഉത്തരവ്.

2) കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ 05.03.2025-ലെ BC-11014/14/2023-BC-I നമ്പർ റിലീസ് ഉത്തരവ്.

3) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 15.03.2025 ലെ BCDIR/571/2024-A3(2) നം. കത്ത്.

4) 18.03.2025 ലെ സ.ഉ(സാധാ)നം.24/2025/BCDD നം.ഉത്തരവ്.

ഉത്തരവ്

2024-2025 സാമ്പത്തികവർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-YASASVI Postmatric Scholarship for OBC, EBC & DNT പദ്ധതിക്ക് കേന്ദ്രവിഹിതമായി 87 കോടി രൂപയും, സംസ്ഥാന വിഹിതമായി 58 കോടി രൂപയും ചേർത്ത് ആകെ 145 കോടി രൂപ വകയിരുത്തിയിരുന്നു.

2) 2024-2025 സാമ്പത്തിക വർഷം PM-YASASVI Postmatric Scholarship for OBC, EBC & DNT പദ്ധതിയുടെ കേന്ദ്ര വിഹിതമായി ആകെ 25,53,99,000/- രൂപ (ഇരുപത്തിയഞ്ച് കോടി അൻപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരം രൂപ മാത്രം) പരാമർശം (2) പ്രകാരം റിലീസ് ചെയ്ത് ലഭിക്കുകയും, ടി തുക പരാമർശം (4) പ്രകാരം SNA account ലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

3) PM-YASASVI Postmatric Scholarship for OBC, EBC & DNT പദ്ധതിയുടെ 2024-2025 വർഷത്തെ കേന്ദ്രവിഹിതത്തിന് ആനുപാതികമായുള്ള സംസ്ഥാന വിഹിതമായ 17,02,66,000/- രൂപ (പതിനേഴ് കോടി രണ്ട് ലക്ഷത്തി അറുപത്തി ആറായിരം രൂപ മാത്രം) റിലീസ് ചെയ്ത്, ടി തുക 2225-03-277-84-2-12 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ഫെഡറൽ ബാങ്ക് സ്റ്റാച്യൂ ശാഖയിൽ ആരംഭിച്ച 10300100451345 നമ്പർ SNA Account ലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുമുള്ള അനുമതി നൽകണമെന്നും പരാമർശം (3) പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-2025 വർഷം PM-YASASVI Postmatric Scholarship for OBC, EBC & DNT പദ്ധതിയുടെ കേന്ദ്രവിഹിതത്തിനുള്ള

ആനുപാതിക സംസ്ഥാന വിഹിതമായ 17,02,66,000/- രൂപ (പതിനേഴ് കോടി രണ്ട് ലക്ഷത്തി അറുപത്തി ആറായിരം രൂപ മാത്രം) റിലീസ് ചെയ്യുന്നതിനും, ടി തുക 2225-03-277-84-2-12 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും കുറവ് ചെയ്ത്, ഫെഡറൽ ബാങ്ക് സ്റ്റാച്യൂ ശാഖയിൽ ആരംഭിച്ച 10300100451345 നമ്പർ SNA Account ലേക്ക് ട്രാൻസ്ഫർ ചെയ്ത് വിനിയോഗിക്കുന്നതിനും പിന്നാക്ക വിഭാഗവികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ,പിന്നാക്കവിഭാഗവികസനവകുപ്പ്,വെള്ളയമ്പലം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്),കേരള,തിരുവനന്തപുരം.
ധനകാര്യവകുപ്പ് (24.03.2025 ലെ WW-WW1/48/2025-Fin പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂമീഡിയ, വിവരപൊതുജനസമ്പർക്ക വകുപ്പ്
സബ് ട്രഷറി ഓഫീസർ,വെള്ളയമ്പലം,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Navasukutty K
സെക്ഷൻ ഓഫീസർ
Date: 25-03-2025 10:40:04